**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** **16-03-2022 - ൽ മറുപടിയ്ക്ക്**

**യുക്രൈനിൽ കുടുങ്ങിയവരുടെ രക്ഷാദൗത്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | null<br>(മുഖ്യമന്ത്രി) | |
| (എ) | യുക്രൈൻ യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികളടക്കമുള്ള ഇന്ത്യാക്കാരുടെ രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കേന്ദ്രവിദേശകാര്യ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | യുക്രൈനിൽ കുടുങ്ങിപ്പോയ എല്ലാ മലയാളി വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുക, ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യവസ്തുക്കൾ ലഭ്യമാക്കുക, സുരക്ഷിതമായി അവരെ നാട്ടിലെത്തിക്കുക, ഇന്ത്യയിലെത്തിച്ച ശേഷം വീടുകളിൽ സുരക്ഷിതമായി എത്തിക്കുന്നതുവരെ ഭക്ഷണം, താമസസൗകര്യം, യാത്രാസൗകര്യം ഇവ ഒരുക്കുക എന്നീ കാര്യങ്ങളിൽ കേന്ദ്ര – സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ട പ്രവർത്തനത്തെക്കുറിച്ച് മുഖ്യമന്ത്രി കേന്ദ്രവിദേശകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും പൊതുവായ ധാരണയിലെത്തുകയും ചെയ്തു. |
| (ബി) | രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഏതെല്ലാം കാര്യങ്ങളിലാണ് ഇടപെടൽ നടത്താൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ; | (ബി) | യുക്രൈനിൽ കുടുങ്ങിയ മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ ചുവടെ ചേർക്കുന്നു. യുക്രൈനിലെ വിവിധ പ്രവിശ്യകളിൽ അകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു. മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി. യുക്രൈനിൽ അകപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. നോർക്ക രജിസ്ട്രേഷൻ, ഇമെയിൽ, കാൾ, വാട്ട്സ് ആപ്പ് എന്നിവ മുഖാന്തിരം നോർക്കയിൽ ബന്ധപ്പെട്ടവരുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിനും ഇന്ത്യൻ എംബസിക്കും യഥാസമയം കൈമാറി. യുദ്ധഭൂമിയിൽ അകപ്പെട്ട വിദ്യാർത്ഥികളുമായി വാട്ട്സ് ആപ്, ഫോൺ എന്നിവ മുഖേന നിരന്തരം സമ്പർക്കം പുലർത്തുകയും വിവരങ്ങൾ അതത് സമയം വിദേശകാര്യ മന്ത്രാലയത്തിലും ഇന്ത്യൻ എംബസിയിലും അറിയിക്കുകയുമുണ്ടായി. കേന്ദ്ര സർക്കാർ, ഇന്ത്യൻ എംബസി എന്നിവരുടെ അറിയിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | കൈമാറി. യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികൾക്കും നാട്ടിലുള്ളവർക്കും ബന്ധപ്പെടാൻ നോർക്ക റൂട്ട്സിന്റെ 1800 425 3939 എന്ന ഹെല്പ് ലൈൻ നമ്പർ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, യുക്രൈൻ ക്രൈസിസ് മാനേജ്മെന്റ് സെൽ എന്നിവ നോർക്ക റൂട്സിൽ പ്രവർത്തിക്കുന്നു. അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിൽ എത്തിയ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലോക കേരള സഭാ അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ നടത്തുകയുണ്ടായി. തിരികെ എത്തുന്ന വിദ്യാർത്ഥികളെ വീടുകളിൽ എത്തിക്കുന്നതു വരെയുള്ള താമസ സൗകര്യം നോർക്ക വഹിക്കുന്നു. തിരികെയെത്തുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് ഡൽഹിയിൽ നിന്ന് കൊച്ചിയിലേക്ക് 15 ചാർട്ടേർഡ് വിമാനങ്ങൾ (09.03.2022 വരെ) ഏർപ്പെടുത്തി. ഡൽഹി, മുംബൈ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ സ്വീകരിക്കാൻ നോർക്കയുടെ പ്രത്യേക ടീമിനെ സജ്ജമാക്കി. ഡൽഹിയിൽ നിന്നും കൊച്ചി വിമാനത്താവളത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി തിരുവനന്തപുരത്തേക്കും കാസർഗോട്ടേക്കും പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തി . |
| (സി) | യുക്രൈനിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കുടുങ്ങിപ്പോയ മലയാളികളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന സന്ദേശങ്ങൾ കേന്ദ്രസർക്കാരിനെയും മറ്റ് ഉത്തരവാദപ്പെട്ട ഏജൻസികളെയും തൽസമയം അറിയിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) | യുക്രൈനിലെ കിഴക്കൻ പ്രദേശങ്ങളായ ഖർകീവ്, കീവ്, സുമി എന്നീ സ്ഥലങ്ങളിൽ ഒറ്റപ്പെട്ടുപോയ മലയാളി വിദ്യാർത്ഥികളെ വാട്ട്സ് ആപ് ഗ്രൂപ്പുകൾ വഴിയും പ്രവാസി മലയാളി സംഘടനകൾ വഴിയും ബന്ധപ്പെടുകയും ഇവരുടെ യൂണിവേഴ്സിറ്റി, ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ തത്സമയം കേന്ദ്ര വിദേശകാര്യ വകുപ്പിനും യുക്രൈനിലെ ഇന്ത്യൻ എംബസിക്കും കൈമാറുകയും ചെയ്തിരുന്നു. മാത്രമല്ല, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡൽഹി കേരളാ ഹൗസിൽ എത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം മലയാളി വിദ്യാർത്ഥികളുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കാനും അവർക്ക് ആശ്വാസം പകരാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിവരങ്ങൾ സർക്കാരിനെയും ജനങ്ങളെയും അറിയിക്കുന്നതിന് സംസ്ഥാനത്തെ | (ഡി) | പ്രസ്തുത വിവരങ്ങൾ സർക്കാരിനെയും ജനങ്ങളെയും അറിയിക്കുന്നതിന് സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | മാധ്യമപ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? | | മാധ്യമപ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങൾ പൊതുവെ ഫലപ്രദമായിരുന്നു. |

സെക്ഷൻ ഓഫീസർ